9.30 AM

II ചരമോപചാരം

മി. സ്പീക്കർ: മുൻ കേരള നിയമസഭാംഗങ്ങളായിരുന്ന കല്ലടി മുഹമ്മദ്, കെ. മൂസക്കുട്ടി, മുൻ ലോക്സഭാ സ്പീക്കർ ബൽറാം ഝക്കർ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

കല്ലടി മുഹമ്മദ്

മുൻ കേരള നിയമസഭാംഗം കല്ലടി മുഹമ്മദ് 2016 ജനുവരി 21-ന് അന്തരിച്ചു. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് അബൂഹാജിയുടെയും അയിഷയുടെയും മകനായി 1949 ഒക്ടോബർ 20-ന് കല്ലടി മുഹമ്മദ് ജനിച്ചു. മുസ്ലീം ലീഗിന്റെ പ്രവർത്തകനായി പൊതുപ്രവർത്തനരംഗത്ത് എത്തി.

1987-ൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേയ്ക്ക് മുസ്ലീം ലീഗ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1991-ൽ ഒൻപതാം കേരള നിയമസഭയിലേയ്ക്ക് അതേ നിയോജകമണ്ഡലത്തിൽ നിന്നും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി അംഗം എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.

മുസ്ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, പാലക്കാട് ജില്ലാ പ്രസിഡന്റ്, കോട്ടോപ്പാടം പഞ്ചായത്ത് പ്രസിഡന്റ്, കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ, കേരള പിന്നോക്ക വികസന കോർപ്പറേഷൻ ഡയറക്ടർ, അരിയൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, കെൽ എംപ്ലോയീസ് ഓർഗനൈസേഷൻ പ്രസിഡന്റ്, മണ്ണാർക്കാട് മുസ്ലീം ഓർഫനേജ് കമ്മിറ്റി പ്രസിഡന്റ് എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. മുസ്ലീം ലീഗ് ദേശീയ സമിതി അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു.

കല്ലടി മുഹമ്മദിന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ഒരു പൊതു പ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

കെ. മൂസക്കുട്ടി

മുൻ കേരള നിയമസഭാംഗം കെ. മൂസക്കുട്ടി 2016 ജനുവരി 22-ന് അന്തരിച്ചു. കോഴിക്കോട് താമരശ്ശേരി പരപ്പൻപൊയിൽ കുഞ്ഞായൻ കുട്ടിയുടെ മകനായി 1938 ജൂലൈ 1-ന് കെ. മൂസക്കുട്ടി ജനിച്ചു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ പൊതുരംഗത്ത് എത്തിയ അദ്ദേഹം മലയോര മേഖലയിലെ തൊഴിലാളി സമരങ്ങളിലൂടെ പൊതുപ്രവർത്തനരംഗത്ത് സജീവമായി.

LIBRARY ARCHIVES Kerala Legislative Assembly

1982-ൽ ബേപ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ഏഴാം കേരള നിയമസഭയിലേക്ക് സി.പി.ഐ.(എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

താമരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം, സി.പി.ഐ.(എം) സംസ്ഥാന സമിതി അംഗം, സി.ഐ.റ്റി.യു. അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം, സി.ഐ.റ്റി.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, മിനിമം വേജസ് അഡ്വൈസറി ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കെ. മൂസക്കുട്ടിയുടെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ട്രേഡ് യൂണിയൻ പ്രവർത്തകനേയുമാണ് നഷ്ടമായിട്ടുള്ളത്.

ബൽറാം ഝാക്കർ

മുൻ ലോക്സഭാ സ്പീക്കർ ബൽറാം ഝാക്കർ 2016 ഫെബ്രുവരി 3-ന് അന്തരിച്ചു.

പഞ്ചാബിലെ ഫിറോസ്പൂരിൽ 1923 ആഗസ്റ്റ് 23-ന് ബൽറാം ഝക്കർ ജനിച്ചു. 1972-ൽ പഞ്ചാബ് നിയമസഭയിൽ അംഗമായ അദ്ദേഹം തുടർന്ന് പഞ്ചാബിലെ ജലസേചന വകുപ്പുമന്ത്രിയായും പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചു. 1980-ൽ ഏഴാം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ആ വർഷം തന്നെ ലോക്സഭാ സ്പീക്കറായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. 1984-ൽ എട്ടാം ലോക്സഭയുടെ സ്പീക്കറായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതോടെ രണ്ട് തവണ സ്പീക്കറായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയും തുടർച്ചയായി രണ്ട് ലോക്സഭകളിൽ പൂർണ്ണ കാലയളവിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്ത സ്വതന്ത്ര ഇന്ത്യയിലെ ഒരേയൊരു സ്പീക്കർ എന്ന അപൂർവ്വ ബഹുമതിക്ക് ഉടമയായി തീർന്ന ബൽറാം ഝക്കർ. പാർലമെന്റ് മ്യൂസിയം സ്ഥാപിച്ചതും പാർലമെന്റ് ലൈബ്രറി ആധുനികവൽക്കരിച്ചതും സഭാപ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചതും അദ്ദേഹത്തിന്റെ നേതൃത്വത്തിലായിരുന്നു. ലോക്സഭാ സ്പീക്കറായിരിക്കെ 1985-ൽ കേരള നിയമസഭാ കോംപ്ലക്സിൽ പുതിയ ഭരണ നിർവ്വഹണ കാര്യാലയത്തിന്റെ ഉദ്ഘാടനം അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളത് ഇത്തരുണത്തിൽ സ്മരണീയമാണ്.

1991-1996 കാലയളവിൽ നരസിംഹറാവു മന്ത്രിസഭയിൽ കൃഷി മന്ത്രിയായും 2004-2009 കാലയളവിൽ മദ്ധ്യപ്രദേശ് ഗവർണ്ണറായും ബൽറാം ഝാക്കർ പ്രവർത്തിച്ചിട്ടുണ്ട്. എ.ഐ.സി.സി. ജനറൽ സെക്രട്ടറി, കോൺഗ്രസ് പ്രവർത്തക സമിതി അംഗം എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബൽറാം ഡ്രാക്കറുടെ നിര്യാണത്തോടെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഭരണകർത്താവിനെയും മികച്ച ഒരു പാർലമെന്റേറിയനേയുമാണ് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നില്ക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭ ഒന്നടങ്കം അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു)

III അടിയന്തരപ്രമേയം

സോളാർ അന്വേഷണ കമ്മീഷനുമുന്നിൽ നൽകിയ സാക്ഷിമൊഴി

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് ഇന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ട്രൈബ്യൂണലിലോ സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയിലോ കമ്മീഷനിലോ പരിഗണിക്കുന്ന ഒരു വിഷയം സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുവാൻ സാധാരണഗതിയിൽ അനുവദിക്കാൻ പാടില്ലായെന്ന്, നിയമസഭാ ചട്ടം 53-ൽ അനുശാസിക്കുന്നുണ്ട്. എന്നാലും ചെയറിന്റെ പ്രത്യേകമായ വിവേചനാധികാരം ഉപയോഗിച്ച് ഇത് അവതരിപ്പിക്കാനുള്ള അവതരണാനുമതി നല്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ചട്ടത്തിൽ ഭേദഗതി വരുത്താൻ ചെയറിന് വിവേചനാധികാരം ഉണ്ടോ? റൂളിംഗ് വേണം.

മി. സ്പീക്കർ: ചട്ടത്തിൽ ഞാൻ ഭേദഗതി വരുത്തിയില്ല (..... ബഹളം.....) ബഹുമാനപ്പെട്ട മിനിസ്റ്റർ, ചട്ടത്തിൽ ഭേദഗതി വരുത്തിയല്ല ഞാൻ അനുവദിക്കുന്നത്. ചെയറിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ചാണ് അനുവദിക്കുന്നത്. (.....ബഹളം.....) പ്ലീസ്..... പ്ലീസ്... കോടതിയുടെയോ കമ്മീഷന്റെയോ മുമ്പിലിരിക്കുന്ന ഒരു പ്രശ്നം നിയമസഭയിൽ ചർച്ചചെയ്യാൻ പാടില്ലായെന്ന് നമുക്കെല്ലാവർക്കുമറിയാം. നമുക്ക് വേണമെങ്കിൽ അവതരണാനുമതി കൊടുക്കാതിരിക്കാം. പക്ഷേ ചെയർ അത് ചെയ്യുന്നില്ല പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് ചെയർ ഇത് അനുവദിക്കുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഏതെങ്കിലും കോടതിയുടെയോ കമ്മീഷന്റെയോ മുമ്പിലിരിക്കുന്ന വിഷയത്തെക്കുറിച്ച് ചർച്ചചെയ്യാൻ പാടില്ലായെന്ന് ചട്ടം നിഷ്കർഷിക്കെ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി

LIBRARY ARCHIVES Kerala Legislative Assembly